നം.10 /18/SRG/LSGD/CC

**തദ്ദേശസ്വയംഭരണ വകുപ്പ്**
തിരുവനന്തപുരം
26.02.2020

**കുറിപ്പ്**

വിഷയം - ജനകീയാസൂത്രണം 2019-20 - പദ്ധതി ഭേദഗതിക്ക് അനുമതി സംബന്ധിച്ച്
സൂചന - കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2020-ലെ യോഗ തീരുമാനം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നടപ്പു വർഷത്തെ പദ്ധതിയിൽ അത്യാവശ്യം വേണ്ട ഭേദഗതികൾ വരുത്താനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യാൻ 25.02.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നു. ഫെബ്രുവരി 26.02.2020 മുതൽ മാർച്ച് 8 വരെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.12.2019-ലെ ഇതേ നമ്പർ കുറിപ്പ് പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി പദ്ധതി ഭേദഗതി ചെയ്യാനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്തിട്ടുണ്ട്. മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും നാശം സംഭവിച്ചിട്ടുള്ള പ്രാദേശിക സർക്കാരുകൾക്ക് 19.02.2020 -ലെ 1381/20/ധന ഉത്തരവ് പ്രകാരം അധികമായി 37.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ലഭിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ പ്രോജക്ടുകൾ 23.12.2019-ലെ 170/19/തസ്വഭവ, 17.02.2020-ലെ 400/2020/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം മുകളിൽ പറഞ്ഞ സമയ പരിധിക്കകം ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്.

ഈ വർഷത്തെ പദ്ധതി നിർവഹണം കാര്യക്ഷമമായി പൂർത്തിയാക്കുന്നതോടൊപ്പം അടുത്ത വർഷത്തെ പദ്ധതി രൂപീകരണവും അംഗീകാരവും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ മാർച്ച് 8 നു ശേഷം പദ്ധതി ഭേദഗതിക്കോ കൂട്ടിച്ചേർക്കലുകൾക്കോ അവസരമുണ്ടായിരിക്കുന്നതല്ല.

.

(ഒപ്പ്)
ശാരദാ മുരളീധരൻ
പ്രിൻസിപ്പൽ സെക്രട്ടറി